പ്രീമെട്രിക് ഹോസ്റ്റലുകൾ

278 (665) ശ്രീ. എ. കെ. ശശീന്ദ്രൻ:

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ മതിയായ കുടിവെള്ളവും ശൗചാലയവും ലഭ്യമാക്കാൻ എന്തു സംവിധാനമാണ് നിലവിലുള്ളത്; വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി ലഭിക്കുന്ന റിപ്പോർട്ടുകൾ കൃത്യമായി അവലോകനം നടത്താറുണ്ടോ; കഴിഞ്ഞ ഒരു കൊല്ലത്തെ അവലോകന റിപ്പോർട്ടുകളുടെ വിശദാംശം വെളിപ്പെടുത്താമോ;

(സി) അട്ടപ്പാടിയിലെ 52 പെൺകുട്ടികൾ താമസിക്കുന്ന ആനവായിലെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ മതിയായ ശൗചാലയ സൗകര്യം ഇല്ലെന്നുള്ള പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസനവകുപ്പിന് കീഴിൽ പ്രവൃത്തിക്കുന്ന ഹോസ്റ്റലുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ശുദ്ധജല വിതരണം സാധ്യമാക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള പൈപ്പുകൾ സ്ഥാപിച്ച് ശുദ്ധജലം ലഭ്യമാകുന്ന എന്ന് വകുപ്പ് ഉറപ്പു വരുത്തുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം ലഭ്യമാകാത്ത സ്ഥലങ്ങളിൽ കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ സഹായത്തോടെ കുഴൽക്കിണർ നിർമ്മിച്ച് അതിൽ നിന്ന് ജലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ ഹോസ്റ്റലുകളിലും ആവശ്യമായ ടോയ്ലെറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. ടോയ്ലെറ്റുകളുടെ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിലായി നടത്തിവരുകയും മതിയായ ടോയ്ലെറ്റുകൾ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ സ്ഥലം എം.എൽ.എ.- യുടെ അദ്ധ്യക്ഷതയിൽ വിവിധ ജനപ്രതിനിധികൾ അംഗങ്ങളായിട്ടുള്ള ഉപദേശക സമിതി യോഗം ചേർന്ന് ഹോസ്റ്റലുകളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവലോകനം നടത്തിവരുന്നു. പ്രോജക്ട് ഓഫീസർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, എന്നിവർ ഹോസ്റ്റലുകളിൽ സന്ദർശനം നടത്തി ശുദ്ധജല ലഭ്യത, ടോയ്ലെറ്റുകളുടെ അറ്റകുറ്റപ്പണി എന്നിവയിന്മേൽ നടപടി സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പ് ഡയറക്ടറും, സർക്കാർ തലത്തിലും വിളിച്ചു ചേർക്കുന്ന ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗങ്ങളിലും ടി വിഷയങ്ങൾ അവലോകനം നടത്താറുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അട്ടപ്പാടി ഐ.റ്റി.ഡി.പി ഓഫീസിനുകീഴിൽ പ്രവൃത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകളിൽ ഏറ്റവും ദുർഘട ഉൾപ്രദേശത്താണ് ആനവായ് പ്രീമെട്രിക് ഹോസ്റ്റൽ സ്ഥിതി ചെയ്യുന്നത്. 10 ഊരുകളിലെ കുറുംബ വിഭാഗത്തിൽപ്പെട്ട കുട്ടികളാണ് ടി ഹോസ്റ്റലുകളിൽ പഠിക്കുന്നത്. പ്രധാന റോഡിൽ നിന്നും ഏകദേശം 12 കി.മി. അകലെ സൈലന്റ് വാലി ബഫർസോണിലാണ് ഹോസ്റ്റൽ സ്ഥിതി ചെയ്യുന്നത്. റോഡ്, വൈദ്യുതി സൗകര്യങ്ങൾ ലഭ്യമല്ല. 1986-ൽ വെൽഫയർ ഓഫീസർക്കുവേണ്ടി നിർമ്മിച്ച കെട്ടിടത്തിലാണ് ഹോസ്റ്റൽ അടുക്കള സ്ഥിതിചെയ്യുന്നത്. ടി 52 കുട്ടികളിൽ 6 കുട്ടികൾ മാത്രം ഹോസ്റ്റലിനടുത്തുള്ള വിദ്യാഭ്യാസ വകുപ്പിന്റെ ക്വാർട്ടേഴ്സിൽ താമസിക്കുന്നു. ടി ക്വാർട്ടേഴ്സിൽ ഒരു ശൗചാലയമുണ്ട്. പ്രധാന റോഡിൽ നിന്നും 12 കിലോമീറ്ററോളം നടന്നു വേണം ഹോസ്റ്റലിൽ എത്തുവാൻ. റോഡ് സൗകര്യമില്ലാത്തതിനാൽ ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തികൾ ഒന്നും തന്നെ ചെയ്യാൻ സാധിച്ചിട്ടില്ല.

ഇപ്പോൾ പി.വി.ടി.ജി പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. റോഡ് നിർമ്മാണം പൂർത്തിയായാൽ ഉടൻതന്നെ ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. ഹോസ്റ്റൽ നിർമ്മാണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് 1.6 കോടി രൂപ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് നൽകിയിട്ടുണ്ട്. ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള സ്ഥലം വനംവകുപ്പ് ഡിമാർക്ക് ചെയ്തു നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly